LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവർത്തനങ്ങൾ

226(611) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ വൈദ്യുതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

2016 മുതൽ, ഇരിക്കൂർ മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി പദ്ധതി', സമ്പൂർണ വൈദ്യുതീകരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY എന്നിവയിലുൾപ്പെടുത്തി 56.22 കി. മീ. 11 കെ. വി. ലൈനും, 182.46 കി. മീ എൽ.ടി. ലൈനും നിർമ്മിക്കുകയും 59 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 147.6 കി. മീ. HT ലൈനും 87.3 കി. മീ എൽ.ടി.ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും 17.96 കി. മീ. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 18294 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ മാത്രം 1545 കണക്ഷനുകൾ നൽകുകയും സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 255.6 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഇരിക്കൂർ മണ്ഡലത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.

(1) 13-3-2019-ന് 33 കെ.വി ആലക്കോട് സബ്സ്റ്റേഷനിൽ നിന്ന് 11 കെ.വി. ആലക്കോട് ടൗൺ ഫീഡർ നിലവിൽ വന്നു.

(2) 33 കെ.വി. ആലക്കോട് സബ്സ്റ്റേഷനിൽ 29-2-2020-ന് 11 കെ.വി ഔട്ട്ഡോർ ഉപകരണങ്ങൾ മാറ്റി പുതിയ 11 കെ.വി. ഇൻഡോർ പാനൽ സ്ഥാപിച്ചു.

(3) ശ്രീകണ്ഠാപുരം മുതൽ ചെമ്പേരി വരെ 9.656 കി.മീ നീളമുള്ള 110 കെ.വി ലൈൻ പൂർത്തീകരിച്ച് 19-5-2020-ന് ചാർജ്ജ് ചെയ്യുകയും 1-6-2020 മുതൽ 110 കെ.വി ചെമ്പേരി സബ്സ്റ്റേഷൻ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

(4) തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള പരിശോധന നടന്നുവരികയാണ്.

(5) 3-4-2021-ന് 33 കെ.വി. ആലക്കോട് സബ്സ്റ്റേഷനിൽ 11 കെ.വി ചാത്തോക്കുണ്ട് ഫീഡർ പുതിയതായി വന്നു.

(6) വെള്ളാപറമ്പ് മുതൽ ശ്രീകണ്ഠാപുരം വരെ 12.38 കി.മീ. ഡബിൾ സർക്യൂട്ട് 110 കെ.വി. ലൈൻ വലിച്ച് 12.5 എം.വി.എ. കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് നിലവിലുണ്ടായിരുന്ന 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തി.

ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ

227 (612) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കേന്ദ്ര സർക്കാർ വൈദ്യുതി വിതരണം ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ അലോക്കേഷൻ പ്രകാരം, കേന്ദ്ര വൈദ്യുതി നിലയങ്ങളായ NTPC (National Thermal Power Corporation), NLC (Neyveli Lignite Corporation) തുടങ്ങിയ താപനിലയങ്ങളിൽ നിന്നും NPCIL (Nuclear Power Corporation of India Ltd.)-ന്റെ ആണവ നിലയങ്ങളിൽ നിന്നും ദീർഘകാല കരാറുകളിലൂടെ 1756 മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട്. ജൂലൈ 2021-ലെ ലഭ്യമായ കണക്കുകൾ പ്രകാരം ഇപ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് യൂണിറ്റൊന്നിന് 4.85 രൂപയാണ്.

(സി) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തര ഉത്പാദനത്തിനുപുറമേ കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും ദീർഘകാല, ഹ്രസ്വകാല കരാറുകൾ മുഖേന അന്യസംസ്ഥാനങ്ങളിലെ ജനറേറ്റർമാരിൽനിന്നും വാങ്ങുന്ന വൈദ്യുതിയും ഇവയ്ക്കു പുറമേ ആവശ്യാനുസരണം Power Exchange-ൽനിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപഭോഗം നിറവേറ്റുന്നത്.

LIBRARY ARCHIVES Kerala Legislative Assembly